# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3076      20.12.2012 ൽ - മറുപടിക്ക്

## റേഷൻമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>,, കെ. മുരളീധരൻ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻമേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ ഏകാംഗക മ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദ മാക്കുമോ ; | (എ) ഉണ്ട്. സർക്കാരിന്റെ 10.12.2012 ലെ സ.ഉ.(എം.എസ്) നം. 39/12/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീമതി നിവേദിത പി.ഹരൻ ഐ.എ.എസ്.നെ കമ്മീഷനായി നിയമിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) എന്തെല്ലാം കാര്യങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചിട്ടുളളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) പൊതുവിതരണ രംഗം മൊത്തം കമ്പ്യൂട്ടർവൽക്കരിക്കുന്ന സാഹചര്യത്തിൽ റേഷൻ കടകൾ സുതാര്യമായും മാന്യമായും, പൊതുജനോപകാരപ്രദമായും നടത്തിക്കൊണ്ടു പോകുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്നും, ഇവയിൽ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും, അതിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്നുമുളള വിവരങ്ങൾ പരിശോധിക്കുന്നതിനാണ് കമ്മീഷനെ നിയോഗിച്ചത്. |
| (സി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിനും റേഷൻകടകളുടെ പ്രവർത്തനം സുതാര്യവും ജനോപകാര പ്രദവുമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ ിശദമാക്കുമോ; | (സി) 1. സംസ്ഥാനതല ഭക്ഷ്യോപദേശക വിജിലൻസ് സമിതി രൂപീകരിച്ചിട്ടുണ്ട്.<br>2. റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില, വിതരണക്രമം തുടങ്ങിയവ എല്ലാ പത്രമാധ്യമങ്ങളിലൂടെ ഉപഭോക്താവിന്റെ താൽപര്യം കണക്കിലെടുത്ത് പ്രസിദ്ധീകരിക്കുന്നുണ്ട്.<br>3. ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച റിപ്പോർട്ട് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ? | (ഡി) മൂന്ന് മാസത്തിനകം. |

സെക്ഷൻ ഓഫീസർ